दूरभाष / Phone: 0481-2301231, ऐक्स्टे/Extension-346 फैक्स / FAX: 0481-2574902 ई-मेल / e-mail: ppr@rubberboard.org.in वेबसाइट / website: www.rubberboard.org.in

रबड़ बोर्ड
(भारत सरकार, वाणिज्य एवं उद्योग मंत्रालय)
पी.बी.नं.1122, सब् जेल रोड, कोट्टयम 686 002
केरल राज्य, भारत

प्रचार व जनसंपरक प्रभाग

THE RUBBER BOARD
(Government of India, Ministry of Commerce & Industry
P.B.NO.1122, SUB JAIL ROAD, KOTTAYAM - 686 0
KERALA STATE, INDIA.

PUBLICITY AND PUBLIC RELATIONS DIVISION

Ref.No.48/01(PRM-35)/2025-26/PUB

പ്രസ്സ് റിലീസ്

## റബ്ബർബോർഡ് ഹിന്ദിയിൽ ഉപന്യാസരചനാമത്സരം നടത്തുന്നു

കോട്ടയം
10 ജൂൺ 2025

ഔദ്യോഗികഭാഷയായ ഹിന്ദിയുടെ പ്രചാരണാർത്ഥം റബ്ബർബോർഡ് കോട്ടയം ജില്ലയിലെ സ്കൂൾ കുട്ടികൾക്കായി ഹിന്ദിയിൽ ഉപന്യാസരചനാമത്സരവും കേട്ടെഴുത്ത് മത്സരവും നടത്തുന്നു. കോട്ടയത്ത് പുതുപ്പള്ളിയിലുള്ള ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ വെച്ച് ജൂൺ 26-ാം തീയതി രാവിലെ 10.30 മുതൽ 11.30 വരെയാണ് മത്സരങ്ങൾ നടത്തുന്നത്. 8 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായാണ് ഉപന്യാസരചനാമത്സരം നടത്തുന്നത്. ഒന്നു മുതൽ നാലു വരെയും അഞ്ചു മുതൽ ഏഴ് വരെയും ഉള്ള ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളെ രണ്ട് ഗ്രൂപ്പായി തിരിച്ചാണ് കേട്ടെഴുത്ത് മത്സരം സംഘടിപ്പിക്കുന്നത്. ഓരോ വിഭാഗത്തിലും വിജയികളാകുന്നവർക്ക് സർട്ടിഫിക്കറ്റും ക്യാഷ് പ്രൈസും നൽകുന്നതായിരിക്കും. മത്സരത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 2025 ജൂൺ 20-ന് മുമ്പായി സ്കൂൾ അധികാരികൾ മുഖേന ol@rubberboard.org.in എന്ന ഇ-മെയിലിലേക്ക് പേരുകൾ അയച്ചു നൽകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡിന്റെ വെബ്സൈറ്റ് (www.rubberboard.gov.in) സന്ദർശിക്കുകയോ 9745759444 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്.

അസിസ്റ്റന്റ് ഡയറക്ടർ (പബ്ലിസിറ്റി)